LIBRARY ARCHIVES Kerala Legislative Assembly

റാന്നി പോലീസ് ഡിവിഷൻ രൂപീകരിക്കാൻ നടപടി

119 (1824) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പത്തനംതിട്ട ജില്ലയുടെ കീഴിൽ എത്ര പോലീസ് സബ് ഡിവിഷനുകളാണ് ഉള്ളത് ; അവ ഏതെല്ലാം ;

(ബി) റാന്നി നിയോജക മണ്ഡലത്തിലെ കിഴക്കൻ മേഖലയിലെ ആളുകൾ പോലീസ് സബ്ഡിവിഷൻ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് 70 കിലോമീറ്ററിലധികം സഞ്ചരിച്ച് തിരുവല്ലയിലാണ് എത്തേണ്ടത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പത്തനംതിട്ട ജില്ലയിലെ ഏറ്റവും വിസ്തൃതിയേറിയ പോലീസ് സബ് ഡിവിഷനായ തിരുവല്ല വിഭജിച്ച് റാന്നി ഡിവിഷൻ രൂപീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 3 എണ്ണം ; പത്തനംതിട്ട, അടൂർ, തിരുവല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റാന്നി കേന്ദ്രമായി ഒരു ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ തസ്തിക

120 (1825) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ തസ്തികയിലേക്ക് നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി ; കൂടുതലായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ; നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിഞ്ഞവരായതിനാൽ മാനുഷിക പരിഗണന നൽകി ഇവർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ;